# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 64 26/09/2011ൽ മറുപടിക്ക്**

**ജീവനക്കാരുടെ നികത്തപ്പെടാത്ത ഒഴിവുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. വി. രാജേഷ് | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും റിട്ടയർമെന്റിന്റെ ഭാഗമായി നികത്തപ്പെടാത്ത ഒഴിവുകൾ എത്രയാണ്; | (എ) വിവരം ശേഖരിച്ചു വരുന്നു. |
| (ബി) പെൻഷൻ പ്രായം ഏകീകരണത്തിന്റെ ഭാഗമായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കാൻ തീരുമാനിച്ചിരുന്നുവോ; ഇതിന്റെ ഭാഗമായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; | (ബി) 2011-2012 സാമ്പത്തിക വർഷത്തിൽ പെൻഷൻ പ്രായം ഏകീകരിച്ചതുമായി ബന്ധപ്പെട്ട്, പെൻഷൻ ഏകീകരണം നിലവിലില്ലായിരുന്നുവെങ്കിൽ ജീവനക്കാർ വിരമിക്കുമായിരുന്ന ഒഴിവ് കണക്കാക്കി ഓരോ മാസവും എൻട്രി കേഡറിൽ ഉണ്ടാകുമായിരുന്ന പ്രതീക്ഷിത ഒഴിവുകളിലേക്ക് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി.യെ അറിയിക്കാൻ എല്ലാ നിയമന അധികാരികൾക്കും നിർദ്ദേശം നൽകിയിരുന്നു. ഇതുവരെ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലായി 315 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) നടപ്പു വർഷം എത്ര തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ട്? | (സി) പ്രതീക്ഷിത ഒഴിവുകൾക്ക് ആനുപാതികമായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ